**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബിൽ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര തുകയാണ് വൈദ്യുതി ബിൽ കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 30.06.2023-ലെ ക്രോഡീകരിച്ച കണക്ക് (താത്കാലിക) പ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 3585.69 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. |
| (ബി) | പ്രസ്തുത തുക പിരിച്ചെടുക്കാനായി വൈദ്യുതി ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുക വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽകുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയത് വഴി കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.<br><br>വൈദ്യുതി ബിൽ കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും, കോടതിയിൽ കേസുകളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ |

| | | | |
|---|---|---|---|
| | | | റിക്കവറി നടപടികൾക്കായി ശിപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016 ലും 2018 ലും 2019 ലും ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.<br><br>KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടുത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. നിലവിൽ 20.07.2023 മുതൽ 30.12.2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ